**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 99** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി വിഹിത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** രണ്ടായിരത്തി പതിമൂന്നിന് ശേഷം സർവീസിൽ പ്രവേശിച്ച സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യത്തിൽ നിലപാട് എന്താണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ബി)** പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട എത്ര ജീവനക്കാർ നിലവിൽ ഉണ്ടെന്നും പ്രസ്തുത ജീവനക്കാരുടെ പെൻഷൻ വിഹിതവും സർക്കാർ വിഹിതവും പ്രതിമാസം എത്രരൂപയാണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ദേശീയ പെൻഷൻ പദ്ധതിയിൽ നിലവിൽ (2026 മെയ് 31 വരെ) 2,44,255 പേർ ഉൾപ്പെട്ടിട്ടുണ്ട്.

2026 മെയ് മാസത്തെ പ്രസ്തുത ജീവനക്കാരുടെ പെൻഷൻ വിഹിതം 150,62,84,005/- രൂപയും സർക്കാർ വിഹിതം 150,64,81,996/- രൂപയും ആണ്.

**(സി)** ഇപ്രകാരം ലഭിക്കുന്ന തുക ഓരോ മാസവും എവിടെയാണ് നിക്ഷേപിക്കുന്നതെന്നും പ്രസ്തുത അക്കൗണ്ടിൽ നാളിതുവരെ എത്ര തുക നിക്ഷേപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ദേശീയ പെൻഷൻ പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് അതത് മാസങ്ങളിൽ തന്നെ ജീവനക്കാരുടെ PRAN അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നു. 31.05.2026 -ലെ കണക്ക് അനുസരിച്ച് 14,237.83/- കോടി രൂപ ജീവനക്കാരുടെ പ്രസ്തുത PRAN അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**